**A** **GI 712**

# അർദ്ധവാർഷിക മൂല്യനിർണയം 2017–18

## മലയാളം

ക്ലാസ് – 7 | അടിസ്ഥാനപാഠാവലി | സമയം – 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കട്ടെ.
2. ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
3. അവയിൽ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. *(കുട്ടി ആറെണ്ണത്തിനും ഉത്തരമെഴുതിയാൽ മികച്ച സ്കോർ ലഭിച്ച അഞ്ചെണ്ണം മാത്രം ഓവറോൾ ഗ്രേഡിന് പരിഗണിക്കണം.)*
4. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ്. (വസ്തുനിഷ്ഠ ചോദ്യങ്ങളുൾപ്പെടെ) ആകെ 25 പോയിന്റ്.
5. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
6. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
7. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.

---

**പ്രവർത്തനം – 1 അഭിപ്രായക്കുറിപ്പ്**

പഠനനേട്ടം

*കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കൃതിയിലെ അവരുടെ സ്ഥാനവും കണ്ടെത്തി വിലയിരുത്തുന്നു.*

സൂചകങ്ങൾ

എ)

- പ്രശ്നത്തിന്റെ വിവിധ വശങ്ങൾ നന്നായി വിശകലനം ചെയ്ത് അഭിപ്രായം തയാറാക്കിയിട്ടുണ്ട്. (1)
- ശക്തമായും വായനക്കാരെ സ്വാധീനിക്കുന്ന വിധത്തിലും അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ പ്രയോഗം) ഉപയോഗിച്ചിട്ടുണ്ട്. (2)
- പ്രശ്നത്തോടുള്ള തന്റെ നിലപാട് ഉദാഹരണ സഹിതം യുക്തിയോടെ സമർഥിച്ചിട്ടുണ്ട്. (1)

ബി) വഴിയോരത്തെ കാഴ്ചകൾ (1)

**പ്രവർത്തനം – 2 – കഥാപൂരണം**

പഠനനേട്ടം

*വായിച്ച സർഗാത്മക രചനകളെ വ്യത്യസ്തവും ഉചിതവുമായ രീതികളിൽ പുനരാവിഷ്കരിക്കുന്നു.*

സൂചകങ്ങൾ

- ആകർഷകവും ജിജ്ഞാസ ജനിപ്പിക്കുന്നതുമായ ആഖ്യാനരീതി പാലിച്ചിട്ടുണ്ട്. (1)
- കഥാപാത്രസൃഷ്ടി, കഥാവസ്തു എന്നിവ ഭാവനാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
- ഉചിതമായ ശീർഷകമുണ്ട്. (1)
- കഥാരചനയുടെ സവിശേഷതകൾ (തുടക്കം, ഒടുക്കം, ബിംബങ്ങൾ, പ്രയോഗങ്ങൾ) പാലിച്ചിട്ടുണ്ട്. (2)

പ്രവർത്തനം - 3 നാടകം

പഠനേട്ടം

*വായിച്ച സർഗാത്മക രചനകളെ വ്യത്യസ്തവും ഉചിതവുമായ രീതികളിൽ പുനരാവിഷ്കരിക്കുന്നു.*

സൂചകങ്ങൾ

1. പ്രശ്നം അനുവാചകരിൽ തീവ്രമായി എത്തിക്കാൻ പര്യാപ്തമായരീതിയിൽ ഇതിവൃത്തം അവതരിപ്പിച്ചിട്ടുണ്ട്. (2)
2. വികാരതീവ്രതയോടെയും നാടകീയതയോടെയും ഉള്ള ഭാഷ. (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി) (2)
3. നാടകത്തിന്റെ രൂപപരമായ സവിശേഷതകൾ (കഥാപാത്രങ്ങൾ, സംഭാഷണം, പശ്ചാത്തല വിവരണം...) പാലിച്ചിട്ടുണ്ട്. (1)

പ്രവർത്തനം - 4 കഥാപാത്ര നിരൂപണം

പഠനേട്ടം

*കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ സ്ഥാനവും കണ്ടെത്തി പറഞ്ഞും എഴുതിയും കഥാപാത്ര നിരൂപണം നടത്തുന്നു*

സൂചകങ്ങൾ

എ)

- കഥാപാത്രത്തെ വിശകലനം ചെയ്ത് ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും ശക്തമായും ആകർഷകമായും അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവ) ഉപയോഗിച്ചിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ ശക്തിദൗർബല്യങ്ങൾ, ജീവിതവീക്ഷണം, സ്വഭാവം, പെരുമാറ്റം തുടങ്ങിയവ ഉദാഹരണങ്ങൾ സഹിതം വിശകലനം ചെയ്തിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ സമകാലിക സാമൂഹിക പ്രസക്തി യുക്തിപൂർവം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്. (1)

ബി) ഉള്ളടക്കം (1)

പ്രവർത്തനം - 5 - ജീവചരിത്രക്കുറിപ്പ്

പഠനേട്ടം

*മഹാന്മാർ, എഴുത്തുകാർ എന്നിവരുടെ ജീവിതകഥകൾ വായിച്ച് ജീവചരിത്രക്കുറിപ്പ്, ആത്മകഥ, ലേഖനം, ഉപന്യാസം എന്നിവ തയാറാക്കുന്നതിന്.*

സൂചകങ്ങൾ

1. അകിര കുറസോവയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും സന്ദർഭങ്ങളും വിശദാംശങ്ങൾ സഹിതം ഉൾപ്പെടുത്തിയിട്ടുണ്ട് (2)
2. സംഭവങ്ങളും അനുഭവങ്ങളും ആകർഷകമാക്കി അവതരിപ്പിക്കാൻ സഹായകമായ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ) ഉപയോഗിച്ചിട്ടുണ്ട് (2)
3. വസ്തുനിഷ്ഠവും സത്യസന്ധവും അനുക്രമവുമായ വിവരണം നടത്തിയിട്ടുണ്ട് (1)

പ്രവർത്തനം - 6 - വിലയിരുത്തൽ കുറിപ്പ്

പഠനേട്ടം

*വായിച്ച സർഗാത്മക രചനകളെ വ്യത്യസ്തവും ഉചിതവുമായ രീതികളിൽ പുനരാവിഷ്കരിക്കുന്നു.*

സൂചകങ്ങൾ

- വിലയിരുത്തലിന് വിധേയമാക്കേണ്ട വിഷയത്തെ വിശകലനം ചെയ്ത് ആശയം, അനുഭവം എന്നിവ സാന്ദർഭികമായി അവതരിപ്പിച്ചിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണങ്ങൾ, നിലപാടുകൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ) എഴുതിയിട്ടുണ്ട്. (1)